പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2789

09.05.2017-ൽ മറുപടി നല്കേണ്ടിയിരുന്നത്

## കെ.എസ്.ആർ.ടി.സി എടുത്തിട്ടുള്ള വായ്പ

ചോദ്യം
ശ്രീ.ഡി.കെ. മുരളി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി വിവിധ സ്ഥാപനങ്ങളിൽ നിന്നായി എടുത്തിട്ടുള്ള വായ്പ എത്രയൊക്കെയെന്ന് വിശദമാക്കുമോ; | (എ) യും (ബി) യും | വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കെ.എസ്.ആർ.ടി.സി. വായ്പ എടുത്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |
| (ബി) | ഓരോ വായ്പയുടെയും പലിശ നിരക്ക് വിശദീകരിക്കുമോ; | | (പട്ടിക താഴെ) |
| (സി) | പലിശയിനത്തിൽ ഓരോ മാസവും എത്ര തുകയാണ് കെ.എസ്.ആർ.ടി.സി അടയ്ക്കേണ്ടി വരുന്നത്; | (സി) | പലിശയിനത്തിൽ പ്രതിമാസം 28.50 കോടി രൂപയോളം ചെലവിടുന്നുണ്ട്. |

| ധനകാര്യ സ്ഥാപനങ്ങൾ | വായ്പാ തുക (കോടി രൂപ) | പലിശ നിരക്ക് |
|---|---|---|
| കൺസോർഷ്യം ബാങ്കുകൾ | 1300 | 12.00% (Floating Rate) |
| എസ്.ബി.ഐ | 190 | 11.80% |
| ജില്ലാ സഹകരണ ബാങ്ക്, പാലക്കാട് | 393 | 12.00% |
| ജില്ലാ സഹകരണ ബാങ്ക്, എറണാകുളം | 191 | 12.00% |
| ഹഡ്കോ | 380 | 10.75% |
| കെ.റ്റി.ഡി.എഫ്.സി | 1296.44 | 12.1% - 13.5% |
| പവർ ഫിനാൻസ് കോർപ്പറേഷൻ | 50 | 12.50% |
| കെ.എസ്.ടി. സൊസൈറ്റി | 10 | 11.00% |
| എൽ.ഐ.സി | 75 | 13.00% |
| **ആകെ** | **3885.44** | |

| | | | |
|---|---|---|---|
| (ഡി) | കെ.എസ്.ആർ.ടി.സി.യെ നിലവിലെ സ്ഥിതിയിൽ നിന്നും രക്ഷിക്കാൻ എന്തൊക്കെ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ഡി) | കേരള സർക്കാരിന്റെ 2016-17 ബഡ്ജറ്റിൽ കെ.എസ്.ആർ.ടി.സി.യുടെ 1000 പുതിയ സി.എൻ.ജി. ബസുകൾ ഇറക്കുന്നതിന് 300 കോടി രൂപ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് വായ്പയായി നൽകുമെന്ന് ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നു. ഇതിൻ പ്രകാരം ആദ്യ ഘട്ടമായി 166 സി.എൻ.ജി. ബസുകൾ 50 കോടി രൂപ മുതൽ മുടക്കിൽ വാങ്ങുന്നതിനുള്ള ഭരണാനുമതി സർക്കാർ ഉത്തരവ് (സാധാ) നമ്പർ. 72/2017/TRANS തീയതി 20.02.2017 പ്രകാരം നൽകിയിട്ടുണ്ട്.<br>ഇതു സംബന്ധിച്ച കരട് പ്രോജക്ട് റിപ്പോർട്ട് (DPR) KIIFB മുമ്പാകെ സമർപ്പിച്ചുകഴിഞ്ഞു.<br>കെ.എസ്.ആർ.ടി.സി പരിസ്ഥിതി സൗഹൃദ ഇന്ധനമായ കംപ്രസ്സ്ഡ് നാച്വറൽ ഗ്യാസി (CNG)ലേക്ക് മാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബസ് സ്റ്റാന്റുകളെ അധുനികവത്കരിക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക് ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ അസി. വർക്സ് മാനേജർ (മെയിന്റനൻസ്)മാരുടെയും കീഴിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും കൂടാതെ ഒരു അസി. വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിനു മാത്രമായി നിയോഗിക്കുകയും ചെയ്തു.<br>കെ.എസ്.ആർ.ടി.സി.യുടെ വസ്തുവകകളിൽ ഫ്യൂവൽ കോംപ്ലക്സുകൾ സജ്ജീകരിച്ച് ഇന്ധന വിതരണം (CNG, Diesel) നടത്തുന്നതിന് ഓയിൽ കമ്പനികളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മെക്കാനിക്കൽ വിഭാഗത്തിൽ Work norms പരിഷ്കരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനും നടപടികൾ നടന്നുവരുന്നു. കെ.എസ്.ആർ.ടി.സി.യെ പുനരുദ്ധരിച്ച് നവീകരിക്കുന്നതിനായി വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊൽക്കത്ത ആസ്ഥാനമായ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ |

| | | | |
|---|---|---|---|
| | | | റിട്ടയേർഡ് പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ (സർക്കാർ ഉത്തരവ് നം. G.O(Rt) 367/2016/Tran തീയതി 24.09.2016 പ്രകാരം) കൺസൾട്ടന്റായി നിയമിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യെ നിലവിലെ സ്ഥിതിയിൽ നിന്നും രക്ഷിക്കുവാനായി ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന് പ്രാധാന്യം നൽകി കെ.എസ്.ആർ.ടി.സി.യുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ വ്യവസായിക അടിസ്ഥാനത്തിൽ വാണിജ്യ സമുച്ചയങ്ങൾ പണിയുകയും ലേലം/ടെണ്ടർ നടപടിയിലൂടെ ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ പ്രധാന ബസ് സ്റ്റേഷനുകളിൽ ഇന്ത്യൻ കോഫി ഹൗസ്, ആകർഷകമായ എൽ.ആർ. സ്റ്റാളുകൾ, എ.റ്റി.എം. കൗണ്ടറുകൾ, വിശ്രമ സൗകര്യങ്ങൾ, വൃത്തിയുള്ള ടോയ്‌ലറ്റുകൾ, ഇൻഫർമേഷൻ സംവിധാനങ്ങൾ, കോഫീ വെൻഡിംഗ് മെഷീൻ എന്നിവ വിഭാവനം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**